**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 344** **08-08-2023 - ൽ മറുപടിയ്ക്ക്**

**കേരളത്തിന്റെ മാലിന്യ പ്രശ്നം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിന്റെ മാലിന്യ പ്രശ്നത്തിന് സ്ഥായിയായ പരിഹാരം കാണുകയെന്ന ലക്ഷ്യത്തോടെയുള്ള മാലിന്യമുക്തം നവകേരളം എന്ന ക്യാംപെയിന്റെ പ്രവർത്തനം വിശദമാക്കാമോ; | (എ) | നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായി 31/03/2025 ഓട് കൂടി മാലിന്യ മുക്ത കേരളം എന്ന ലക്ഷ്യം നേടാനായി സജീവ പ്രവർത്തനങ്ങൾ നടന്നു വരുന്നതിനിടയിലാണ് ബ്രഹ്മപുരം മാലിന്യ സംസ്കരണ പ്ലാന്റിൽ തീപ്പിടുത്തമുണ്ടാവുന്നതും ബഹുമാനപ്പെട്ട കേരള ഹൈകോടതി വിഷയത്തിലിടപെടുന്നതും മേൽപ്പറഞ്ഞ ലക്ഷ്യം 31 / 03 / 2024 ഓട് കൂടിത്തന്നെ കൈവരിക്കണമെന്നു നിർദ്ദേശിക്കുന്നതും. ഈ നിർദേശം കൂടി കണക്കിലെടുത്തുകൊണ്ടാണ് 2023 ഏപ്രിൽ 3 നു മാലിന്യമുക്തം നവകേരളം എന്ന പേരിൽ സംയോജിത ക്യാമ്പയിൻ നടപ്പിലാക്കാൻ തീരുമാനിക്കുന്നത്. മൂന്നു ഘട്ടങ്ങളിലായി 2024 മാർച്ച് 30 നു പൂർത്തിയാവുന്ന രീതിയിലാണ് പദ്ധതി ആസൂത്രണം ചെയ്തിരിക്കുന്നത്.<br><br>ഒന്നാംഘട്ടം :<br><br>ജൂൺ 5 നു പൂർത്തിയായ അടിയന്തര ഘട്ടത്തിൽ താഴെക്കൊടുത്തിരിക്കുന്ന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിലാണ് ശ്രദ്ധയൂന്നിയത്.<br><br>- 2016-ലെ ഖരമാലിന്യ പരിപാലന ചട്ടങ്ങൾ പ്രകാരം മാലിന്യ ഉല്പാദകർ പാലിക്കേണ്ട നിയമപരമായ ചുമതല സംബന്ധിച്ച വിവരങ്ങൾ മുഴുവൻ വീടുകളിലും, സ്ഥാപനങ്ങളിലും എത്തിക്കുക.<br><br>- ഉറവിടത്തിൽ മാലിന്യം തരം തിരിക്കാൻ കേരളത്തിലെ മുഴുവൻ കുടുംബങ്ങളിലും, സ്ഥാപനങ്ങളിലുമുള്ളവരെ പ്രാപ്തമാക്കുക.<br><br>- തരംതിരിച്ച് അജൈവ മാലിന്യങ്ങൾക്കു 100% വാതിൽപ്പടി ശേഖരണം ഉറപ്പാക്കുക.<br><br>- പൊതുയിടങ്ങളിലും , പാതയോരങ്ങളിലും കാണുന്ന മാലിന്യക്കൂനകൾ നീക്കം ചെയ്യുക. പൊതുയിടങ്ങൾ |

വൃത്തിയാക്കുക.

- ജലാശയങ്ങളിലെ ഖരമാലിന്യം നീക്കം ചെയ്ത് നീരൊഴുക്ക് സുഗമമാക്കുക.

- ജൂൺ 5-ന് അടിയന്തിര ഘട്ട പ്രവർത്തനങ്ങൾ പൂർത്തിയാക്കുകയും നടന്ന പ്രവർത്തനങ്ങൾ റിപ്പോർട്ടാക്കി ബഹുജനങ്ങൾക്ക് ലഭ്യമാക്കുകയും വേണം

- ജൂൺ 6 മുതൽ ജൂലൈ 15-വരെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തി നടന്ന പ്രവർത്തനങ്ങളുടെ സാമൂഹ്യ പരിശോധന നടത്തണം.സാമൂഹ്യ പരിശോധന (ജനകീയ ഓഡിറ്റ്) റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തുന്ന പ്രശ്നങ്ങൾ സമയബന്ധിതമായി പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ കൂടി ഉൾപ്പെടുന്നതാണ് രണ്ടാം ഘട്ടം.

- ഒന്നാംഘട്ടം ക്യാമ്പയിന്റെ ഭാഗമായി നടത്തിയ പ്രവർത്തനങ്ങൾ സംസ്ഥാനമൊട്ടുക്കും മാലിന്യനിർമാർജ്ജന വിഷയത്തിൽ വ്യാപകമായ അവബോധം സൃഷ്ടിക്കുന്നതിൽ കാര്യമായ പങ്കുവഹിച്ചു. ഈ ഘട്ടത്തിലെ നേട്ടങ്ങളെക്കുറിച്ചു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നേട്ടങ്ങളെയും കോട്ടങ്ങളെയും കുറിച്ച് വിശദമായ പഠനം നടത്തുകയും റിപോർട്ടുകൾ തയാറാക്കുകയും ചെയ്തു. ഈ റിപോർട്ടുകൾ ജൂൺ 5 ന് ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും സംഘടിപ്പിച്ച ഹരിതസഭയിൽ അവതരിപ്പിച്ചു. ഈ വിശകലനങ്ങൾ കൂടുതൽ സുതാര്യമാക്കുന്നതിന് വേണ്ടി റിപോർട്ടുകൾ ജനകിയ ഓഡിറ്റിങ്ങിനും വിധേയമാക്കി.

രണ്ടാംഘട്ടം:

ജൂൺ 6 മുതൽ നവംബർ വരെയുള്ള ഇപ്പോൾ നടന്നുവരുന്ന രണ്ടാം ഘട്ടത്തിന്റെ മുഖ്യ ലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്.

- ജനകിയ ഓഡിറ്റിലൂടെ കണ്ടെത്തിയ കുറവുകളും പരിമിതികളും പരിഹരിക്കുക.

- താൽക്കാലിക മിനി എം.സി.എഫ്/എം.സി.എഫ് കൾക്കു പകരം മികച്ച സ്ഥിരം സംവിധാനങ്ങൾ നിർമ്മിക്കലും ആവശ്യമായ യന്ത്രസാമഗ്രികളും, ഉപകരണങ്ങളും വാഹന സൗകര്യങ്ങളും അടക്കം മികച്ച അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുക.

| | | | |
|---|---|---|---|
| | | | മൂന്നാംഘട്ടം<br><br>2024 മാർച്ച് 30 ന അവസാനിക്കുന്ന അന്തിമഘട്ടത്തിൽ താഴെപ്പറയുന്ന ലക്ഷ്യങ്ങളാണ് കൈവരിക്കേണ്ടത്.<br><br>- മുഴുവൻ അടിസ്ഥാന സൗകര്യങ്ങളും ഡിജിറ്റൽ മോണിട്ടറിംഗ് സംവിധാനം ഉൾപ്പെടെ (ഹരിതമിത്രം ആപ്പ്) പൂർണ്ണമായി ഉറപ്പാക്കുക<br><br>- കാലപ്പഴക്കം ചെന്ന മാലിന്യ കേന്ദ്രങ്ങൾ/മാലിന്യ കൂനകൾ ബയോമൈനിംഗ് നടത്തി ഭൂമി വീണ്ടെടുക്കൽ |
| (ബി) | ഇതിനായി 2023-24 വർഷത്തിൽ ജില്ലകൾ തോറും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തൊക്കയാണെന്ന് വിശദമാക്കാമോ? | (ബി) | - വീടുകളിലും സ്ഥാപനങ്ങളിലും ജൈവ മാലിന്യം ഉറവിടത്തിൽ സംസ്കരിക്കുന്നതിനുള്ള സംവിധാനം ഒരുക്കുന്നതിനുള്ള പ്രവർത്തനങ്ങളും ആവിശ്യമായ ഉപാധികൾ വിതരണം ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട് .<br><br>- വീടുകളിലും സ്ഥാപനങ്ങളിലും ഉറവിട മാലിന്യ സംസ്കരണം നടത്താൻ സാധ്യമല്ലാത്ത സാഹചര്യത്തിൽ കമ്മ്യൂണിറ്റി സംസ്കരണ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>- അജൈവ മാലിന്യം വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും 100% വാതിൽപ്പടി ശേഖരണം ഉറപ്പ് വരുത്തും.<br><br>- അജൈവ മാലിന്യ ശേഖരണത്തിനായി എം സി എഫുകളും, ആർ ആർ എഫുകളും നിർമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട് .<br><br>- സാനിറ്ററി മാലിന്യങ്ങളുടെ കൃത്യമായ സംസ്കരണത്തിന് നഗരസഭകളിലോ, ബ്ലോക്ക്അടിസ്ഥാനത്തിലോ സംവിധാനം ഒരുക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട് .<br><br>- ബദൽ ഉത്പന്നങ്ങളുടെ നിർമ്മാണവും, വിപണനവും വർധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കും.<br><br>- നിലവിലുള്ള സംവിധാനങ്ങളുടെ പരിമിതിയും കുറവുകളും പരിഹരിക്കുന്നതിനും ആവിശ്യമായ ഇടങ്ങളിൽ പുതിയ സംവിധാനങ്ങൾ ഒരുക്കുന്നതിനുമുള്ള പ്രൊജെക്ടുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കിയിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ